പതിനാല്... കേരള നിയമ...
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4499    21.03.2018- ൽ മറുപടിയ്ക്ക്

## 'ശ്രുതി തരംഗം' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.എം.മുകേഷ്.<br>ശ്രീ.കെ.ജെ.മാക്സി.<br>ശ്രീ.യു.ആർ.പ്രദീപ്. | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവി ശക്തി ലഭ്യമാക്കുന്നതിന് 'ശ്രുതിതരംഗം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 2012 വർഷം മുതൽ ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പദ്ധതി പ്രകാരം ഒരാൾക്ക് എത്ര രൂപ ധനസഹായം ലഭിക്കുമെന്നും അറിയിക്കാമോ; | (ബി) | ശ്രുതിതരംഗം പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.<br>1. 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.<br>2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.<br>3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.<br>4. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ധർ കുട്ടികളെ |

| | | | |
|---|---|---|---|
| | | | കോക്ലിയാർ ഇംപ്ലാന്റേഷന് ശിപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിക്ക് കോക്ലിയാർ ഇംപ്ലാന്റേഷന്റെ വിജയത്തെ ബാധിക്കുന്ന വൈദ്യ ശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.<br>5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.<br>6. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗ-നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.<br><br>നിലവിൽ ശ്രുതിതരംഗം പദ്ധതി പ്രകാരം 4,03,620/- രൂപ വിലയുള്ള കോക്ലിയാർ ഇംപ്ലാന്റുകൾ വാങ്ങി ബന്ധപ്പെട്ട എംപാനൽഡ് ആശുപത്രിയിൽ എത്തിച്ച് സർജറി നടത്തി നൽകുന്നു. ഇതു കൂടാതെ പ്രൈവറ്റ് ആശുപത്രികളിലൂടെ സർജറി പൂർത്തീകരിക്കുന്ന കുട്ടികൾക്ക് 2 വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനായി 50,000/- രൂപ ബന്ധപ്പെട്ട ആശുപത്രികൾക്ക് 4 ഗഡുക്കളായി അനുവദിച്ചു വരുന്നു. സർക്കാർ ആശുപത്രികളിലൂടെ സർജറി പൂർത്തീകരിക്കുന്ന കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകുന്നതിനായി സ്പീച്ച് തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | നിലവിൽ ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | ചുവടെപ്പറയുന്ന സർക്കാർ/ പ്രൈവറ്റ് ആശുപത്രികൾ മുഖേനയാണ് ശ്രുതിതരംഗം പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തി നൽകുന്നത്.<br>1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.<br>2. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.<br>3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.<br>4. കിംസ് ആശുപത്രി, തിരുവനന്തപുരം<br>5. ഡോ.നൗഷാദ്സ് ഇ.എൻ.റ്റി. ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ, എറണാകുളം.<br>6. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം. |

| | | | |
|---|---|---|---|
| | | | 7. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ.<br>8. അസെന്റ് ഇ.എൻ.റ്റി. ആശുപത്രി, പെരിന്തൽമണ്ണ.<br>9. ഡോ.മനോജ്സ് സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്.<br>10. മിംമ്സ് ആശുപത്രി, കോഴിക്കോട്. |

**സെക്ഷൻ ഓഫീസർ**